# അബ്ദുല്ല

**ജമാഅത്തെ** ഇസ്‌ലാമി കക്കോടി ഘടകത്തിലെ ആദ്യകാല കാർകുനുകളിലൊരാളായിരുന്നു പയ്യപ്പള്ളി അബ്ദുല്ല(85). പ്രദേശത്ത് പ്രസ്ഥാനം തുടക്കം കുറിച്ച കാലത്ത് തന്നെ അതിന്റെ സഹയാത്രികനായി. ഹോട്ടൽ നടത്തിപ്പുകാരനായിരിക്കെ പ്രാസ്ഥാനിക പ്രവർത്തനത്തിനും ഏറെ സമയം കണ്ടെത്തി. എത്ര ദൂരത്തു നടക്കുന്നതായാലും ജമാഅത്തിന്റെ പൊതു പരിപാടികളിൽ എന്ത് ത്യാഗം സഹിച്ചും പങ്കെടുക്കുമായിരുന്നു. ആദ്യകാലത്തു നടന്ന ഫർക്കാ സമ്മേളനങ്ങളിൽ പന്തൽ നിർമാണത്തിൽ അദ്ദേഹം ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമായിരുന്നു. *പ്രബോധന*ത്തിന്റെ ഏജന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഗൗരവമേറിയ ചർച്ചകൾക്കു ശേഷം വാരാന്ത യോഗങ്ങളിൽ നർമം കലർന്ന ഭാഷയിൽ അറിവ് പകരുന്ന ഉദ്ബോധനങ്ങൾ അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ദീർഘകാലമായി രോഗശയ്യയിലായിരുന്ന അദ്ദേഹം മരിക്കും വരെ പ്രസ്ഥാനത്തിന്റെ വിശേഷങ്ങൾ ചോദിച്ചറിയുമായിരുന്നു. ഭാര്യ ഫാത്വിമബി. മക്കൾ: ഹമീദ്, മുഹമ്മദലി, ഹഫ്സ, ലത്വീഫ്, ബഷീർ, ഉമ്മുകുൽസു, ഷമീറ, ഇസ്മാഈൽ, ഇസ്ഹാഖ്, ഹാരിസ്,പരേതയായ ആഇശബി.



**എസ്.വി**

# കുഞ്ഞുമൊയ്തീൻ

**തൈക്കാട്** കുഞ്ഞുമൊയ്തീൻ(87) ഭൗതിക ജീവിതത്തോട് വിടവാങ്ങി. തൃശൂർ-തൈക്കാട് മഹല്ലുകളിലെ ഒട്ടേറെ ട്രസ്റ്റുകളുടെയും സകാത്ത് കമ്മിറ്റികളുടെയും സാരഥിയായിരുന്നു അദ്ദേഹം. തൈക്കാട്ടുള്ള രണ്ട് പള്ളികളുടെയും നിർമാണത്തിന് മുൻകൈയെടുത്തത് കുഞ്ഞുമൊയ്തീൻ സാഹിബായിരുന്നു.



യാഥാസ്ഥിതിക വിഭാഗക്കാരിൽനിന്ന് ഇസ്ലാമിക പ്രവർത്തകർക്ക് കടുത്ത എതിർപ്പ് നേരിട്ട ആദ്യകാലത്ത് അദ്ദേഹമായിരുന്നു പ്രവർത്തകരെ സംരക്ഷിച്ചത്. വ്യാപാരി കൂടിയായിരുന്ന അദ്ദേഹം, ഇതിലൂടെ ലഭിച്ച സമ്പാദ്യത്തിന്റെ നല്ലൊരു പങ്കും ദീനീ മാർഗത്തിലാണ് ചെലവഴിച്ചത്.

**പി.എം മുഹമ്മദുണ്ണി തൈക്കാട്**

# കുഞ്ഞാൽന ഹാജി

**വടുതലയിലെ** ആദ്യകാല പ്രസ്ഥാന പ്രവർത്തകരിലൊരാളായിരുന്നു വടുതല പ്രാദേശിക ജമാഅത്ത് അംഗം കുഞ്ഞാൽന ഹാജി. 95-ാം വയസ്സിലും, ശയ്യാവലംബിയായിട്ടും പ്രസ്ഥാനം ഒരാവേശമായി അദ്ദേഹം കൊണ്ടുനടന്നു. ശരീരത്തിന്റെ അവശത മറന്ന് ചിലപ്പോൾ തന്റെ കാലൻകുടയും ഊന്നി വീട്ടിൽ നിന്ന് ഇറങ്ങും. എവിടെ പോകുന്നുവെന്ന് ആരാഞ്ഞാൽ ഹൽഖയിലേക്ക് എന്ന സ്ഥിരം മറുപടിയും. ഹൽഖ, ബൈത്തുൽമാൽ തുടങ്ങിയവ രക്തത്തിൽ അലിഞ്ഞു ചേർന്നതു പോലെ തോന്നും അവസാന നാളുകളിലെ വാക്കുകളും പ്രവർത്തനങ്ങളും കണ്ടാൽ.



പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന കഥ രസകരമായി അദ്ദേഹം പറയാറുണ്ടായിരുന്നു. അദ്ദേഹം നടത്തിയിരുന്ന ചായക്കടയിൽ ഒരു 'മുസാഫിർ' ചായകുടിക്കാൻ വന്നു. കൈയിൽ ഒരു തുണി സഞ്ചിയും കാലൻ കുടയും. ചായ കുടി കഴിഞ്ഞ് ആളൊഴിഞ്ഞിട്ടും പോകാതെയിരുന്ന മുസാഫിർ കുശലാന്വേഷണത്തിലേക്ക് കടന്നു. ചായയുടെ പൈസ നൽകാതിരിക്കാനുള്ള അടവ് എന്ന് ആദ്യം കരുതി. പക്ഷെ മുസാഫിർ ചർച്ചക്കെടുക്കുന്ന വിഷയം ഇസ്‌ലാമും ഇസ്‌ലാമിക പ്രസ്ഥാനവുമായിരുന്നു. അവസാനം യാത്ര പറയുമ്പോൾ ചായയുടെ പണം നൽകുന്നതിന്റെ കൂടെ വായിക്കാൻ ഒരു സാഹിത്യവും നൽകി. അങ്ങനെ പള്ളുരുത്തി കോയാ സാഹിബ് നൽകിയ *സത്യസാക്ഷ്യം* എന്ന കൃതിയാണ് അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് വരാൻ നിമിത്തമായത്. തുടർന്ന് ദീനീ മാർഗത്തിലെ ശാന്തനായ ഒരു പടയാളിയായിരുന്നു. ഒറ്റക്ക് പള്ളികളിൽ നടന്ന് നമസ്കാര ശേഷം പ്രസംഗിക്കുക പതിവായിരുന്നു. ഒരിക്കൽ ഒരു പള്ളിയിൽ പ്രസംഗിച്ചു കൊണ്ടിരിക്കെ ഒരാൾ പിരിവു നടത്തി പണം നൽകാൻ കൊണ്ടുചെന്ന അനുഭവവും ഉണ്ടായിട്ടുണ്ട്. ഇന്ന് ഒരുപാട് വിദ്യാഭ്യാസ പ്രവർത്തനം നടത്തുന്ന വടുതല ജമാഅത്ത് എഡ്യൂക്കേഷൻ ട്രസ്റ്റ് രൂപീകരണത്തിൽ മുഖ്യ പങ്കുവഹിച്ചവരിൽ ഒരാളായിരുന്നു അദ്ദേഹം. വടുതല മഹല്ല് പരിപാലന സമിതിയിലും അദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. എളിയ ജീവിതം, വിനയം, സൗമ്യത എന്നീ സൽഗുണങ്ങളുടെ വിളനിലമായിരുന്നു അദ്ദേഹം. ആദ്യകാല പ്രവർത്തകരെക്കുറിച്ച് സംസാരിക്കുമ്പോൾ അദ്ദേഹം കരയുമായിരുന്നു. പ്രവർത്തകരോടുള്ള ആത്മ ബന്ധം വളരെ ബലിഷ്ഠമായിരുന്നു. സന്താന ഭാഗ്യമില്ലാതിരുന്ന അദ്ദേഹം ഭാര്യയോട് വമ്പ് പറയുമായിരുന്നു എനിക്ക് ആരുമില്ലെന്ന് നീ കരുതണ്ട. ഞാൻ മരിച്ചാൽ എന്റെ പ്രസ്ഥാന പ്രവർത്തകർ വരുന്നത് നിനക്ക് കാണാം. എല്ലാവരും കണ്ണ് നിറയെ അത് കണ്ടു. ആ ആൾക്കൂട്ടം. അതൊരു അംഗീകാരം കൂടിയായിരുന്നു.

**വി.എം ഇബ്റാഹീംകുട്ടി, വടുതല**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*